"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിലെ തലവൂർ ഡി.വി.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി ശ്രീമതി സിന്ധു കെ.നായർ ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.41883/2023-ന്റെ 13.12.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.8146/2024/GEDN തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. ശ്രീമതി സിന്ധു കെ.നായരുടെ 20.11.2013 ലെ ഹർജി(എക്സിബിറ്റ് പി11)
2. തലവൂർ ഡി.വി.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി ശ്രീമതി സിന്ധു കെ.നായർ ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.41883/2023-ന്റെ 13.12.2023-ലെ വിധിന്യായം
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.03.2024 ലെ DEOKTR/1623/2023-B2 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.03.2024 ലെ ഇറ്റി1/5388/2024/ഡിജിഇ നമ്പർ കത്ത്
5. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15.03.2024 ലെ ബി4/1727/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ തലവൂർ ഡി.വി.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി ശ്രീമതി സിന്ധു കെ.നായർ ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.41883/2023-ന്റെ 13.12.2023-ലെ വിധിന്യായത്തിൽ ഹർജിക്കാരിയെയും 6, 7 എതിർ കക്ഷികളെയും നേരിൽ കേട്ട് ഹർജിക്കാരി സമർപ്പിച്ച എക്സിപിറ്റ് പി11 നിവേദനം തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 19.03.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തരം വാദം കേട്ടു.

**2) ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു.**

" ഹെഡ്മിസ്ട്രസ്സ് ആയിരുന്ന ശ്രീമതി രമാദേവി **31.05.2023**-ൽ റിട്ടയർ ചെയ്ത ഒഴിവിൽ ശ്രീമതി സിന്ധു കെ.നായരെ ഹെഡ്മിസ്ട്രസ് ആയി **01.06.2023** മുതൽ പ്രൊമോട്ടു ചെയ്ത് ഉത്തരവായി. സ്ഥാനക്കയറ്റം അംഗീകരിക്കുന്നതുവരെ സ്കൂളിന്റെ പ്രവർത്തനത്തിന് തടസ്സം വരാതിരിക്കുവാൻ ശ്രീമതി സിന്ധു കെ.നായർക്ക് പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകണമെന്ന് മാനേജർ മറ്റൊരു അപേക്ഷ **01.06.2023**-ൽ തന്നെ ഡി.ഇ.ഒ യ്ക്ക് കൊടുത്തിരുന്നു. മാനേജരുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സിന്ധു കെ.നായർ ഹെഡ്മിസ്ട്രസ്സിന്റെ ചാർജ്ജ് **01.06.2023**-ൽ തന്നെ ഏറ്റെടുത്ത് റിപ്പോർട്ടു ചെയ്യുകയും തുടർന്ന് ചുമതലകൾ നിറവേറ്റി വരികയുമായിരുന്നു. ശ്രീമതി സിന്ധു കെ.നായർ ഹെഡ്മിസ്ട്രസ്സായി തുടരുന്നത് മാനേജർക്ക് ബുദ്ധിമുട്ടാണെന്നും അതിനാൽ തൽസ്ഥാനത്ത് ശ്രീമതി രാജി സി. (എച്ച്.എസ്.ടി ഹിന്ദി) യെ **13.06.2023** മുതൽ നിയമിക്കുകയാണെന്ന് വാക്കാൽ നിർദ്ദേശിക്കുകയുണ്ടായി.

ശ്രീമതി സിന്ധുവിന്റെ ഹെഡ്മിസ്ട്രസ്സായി **01.06.2023**-ൽ നടത്തിയ നിയമനം പിൻവലിച്ചതായോ, റദ്ദു ചെയ്തതായോ രേഖാമൂലം അറിയിച്ചിട്ടില്ല. ശ്രീമതി സിന്ധുവിന്റെ ഫാറം **27**-ലുള്ള നിയമന ഉത്തരവ് നിലനിൽക്കുമ്പോൾ തന്നെ **13.06.2023**-ൽ അതേ തസ്തികയിലേക്ക് മാനേജർ ശ്രീമതി രാജി സി. യെ നിയമിച്ചത് നിയമ വിരുദ്ധമാണ്. ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം **25.08.2023**-ൽ ഡി.ഇ.ഒ ഹിയറിംഗ് നടത്തി **12.10.2023**-ൽ നം.ബി**2/1623**/ഡി.ഇ. ഒ ഉത്തരവായി.

ശ്രീമതി സന്ധ്യയുടെ നിയമനാംഗീകാരം സംബന്ധിച്ചുള്ള പരാതി പരിശോധിച്ച് ഡി.ഇ.ഒ **12.10.2023**-ൽ പുറപ്പെടുവിച്ച ഉത്തരവിൽ **01.06.2023**-ൽ ഹെഡ്മിസ്ട്രസായി മാനേജർ നിയമിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മാനേജർ നിശ്ചിത സമയത്തിനകം നിയമന പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലായെന്നതും **current seniority list** ഹാജരാക്കിയിട്ടില്ലെന്നുമുള്ള കാരണങ്ങളിലാണ് നിരസിച്ചത്. ആവശ്യമെന്ന് ഡി.ഇ.ഒയ്ക്ക് ബോധ്യമുള്ള ഈ കാര്യങ്ങൾ മാനേജർക്ക് നിർദ്ദേശം കൊടുത്ത് പരിഹരിക്കാവുന്നതിനു പകരം ശ്രീമതി സിന്ധുവിന്റെ നിയമനം സംബന്ധിച്ചുള്ള പരാതി നിരസിച്ചത് ഡയറക്ടറുടെ ഉത്തരവിന്റെ നിഷേധമാണ്. ആയതിനാൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം കൊടുത്ത് നീതി ഉറപ്പാക്കണമെന്ന് അപേക്ഷിക്കുന്നു. **XIV A** യിലെ റൂൾ **44** എ പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി സിന്ധു കെ.നായർ ഒൻപതാണെങ്കിലും ഹെഡ്മിസ്ട്രസായിട്ടുള്ള പ്രൊമോഷന് അർഹത ശ്രീമതി സിന്ധുവിനാണ്.

**01.06.2023**-ൽ ശ്രീമതി സിന്ധുവിനെ ഹെഡ്മിസ്ട്രസ്സായിട്ട് പ്രൊമോട്ടു ചെയ്തിട്ട് **13.06.2023**-ൽ മാനേജർ വാക്കാൽ നിർദ്ദേശം നൽകി ശ്രീമതി സന്ധ്യയെ മാറ്റി സീനിയോറിറ്റിയിൽ നാലാം സ്ഥാനം ഉണ്ടെങ്കിലും "ആചാര്യ" മാത്രം പാസ്സായിട്ടുള്ള

ശ്രീമതി.സി.രാജിയെ ഹെഡ്മിസ്ട്രസ്സായി നിയമിച്ചിരിക്കുകയാണ്. കെ.ഇ.ആർ-ലെ റൂളുകൾ പ്രകാരം ഹെഡ്മിസ്ട്രസായി നിയമനം കിട്ടുന്നതിന് ശ്രീമതി രാജിക്ക് അർഹതയുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ഓൾ സെയിന്റ്സ് എച്ച്.എസ്.എസ്-ൽ ആചാര്യ പാസ്സായിട്ടുള്ള ശ്രീമതി ജെ.ഗീതാകുമാരിയുടെ ഹെഡ്മിസ്ട്രസായിട്ടുള്ള നിയമനം സർക്കാർ നിരസിച്ചതിനെതിരെ ടിയാരി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.212821/2022** കേസ്സിൽ **01.03.2023**-ൽ ശ്രീമതി ഗീതാകുമാരിക്കും അനുകൂല വിധി ഉണ്ടായി എന്നത് വാസ്തവമാണ്. എന്നാൽ ടി വിധി അംഗീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായില്ല. പകരം **W.A.1216/2023** ഫയൽ ചെയ്യുകയാണുണ്ടായത്. **01.03.2023**-ലെ സിംഗിൾ ബഞ്ചിന്റെ വിധി **06.11.2023**-ൽ ഡിവിഷൻ ബഞ്ച് റദ്ദു ചെയ്യുകയുണ്ടായി. ഹെഡ്മാസ്റ്റർ പ്രൊമോഷൻ ആവശ്യപ്പെട്ടുകൊണ്ട് ആചാര്യക്കാർ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ പെറ്റീഷൻ എല്ലാം തള്ളി ഉത്തരവാകുകയാണുണ്ടായത്.

**XXXI**-ലെ റൂൾ **2 (1)**-ൽ ഹെഡ്മാസ്റ്റർക്ക് വേണ്ട അക്കാദമിക്, ട്രെയിനിംഗ് യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ളത് **A degree in arts or science or its equivalent and B.Ed/BT/LT or its equivalent conferred or recognized by the Universities in Kerala** എന്നാണ്. റൂളിൽ അക്കാഡമിക് യോഗ്യതയായ **BA/BSc** പാസ്സായതിനു ശേഷമുള്ള ട്രെയിനിംഗ് യോഗ്യത ആയ **B.Ed** ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ആയതിനാൽ ഭാഷാദ്ധ്യാപക ട്രെയിനിംഗ് യോഗ്യതയായ ആചാര്യ പാസായതിനു ശേഷം ബി.എ പാസ്സായവരെ ടി റൂൾ പ്രകാരം പരിഗണിക്കാവുന്നതല്ല.

ആചാര്യ കോഴ്സിന് ചേരുവാനുള്ള അക്കാദമിക് യോഗ്യത സാഹിത്യാചാര്യ ആണ്. സാഹിത്യാചാര്യക്കാർക്ക് പ്രൈവറ്റായി ബി.എയ്ക്ക് ചേരാം. അതിനാൽ സാഹിത്യാചാര്യക്ക് പ്ലസ് ടു ന്റെ തുല്യത മാത്രമേയുള്ളൂ. ആയതിനാൽ ആചാര്യയെ ബി.എഡ്. ന് **equivalent** ആയി പരിഗണിക്കാവുന്നതല്ല. ആചാര്യയെ **Alternate qualification** മാത്രമായി **3.10.1988**-ൽ അംഗീകരിച്ചതിനെതിരെ **Equivalent** ആണെന്ന് സ്ഥാപിച്ചെടുക്കുവാൻ ആരും തന്നെ ബഹു.ഹൈക്കോടതിയെ സമീപിക്കുവാൻ തയ്യാറായില്ലയെന്നത് ശ്രദ്ധേയമാണ്.

ഭാഷാദ്ധ്യാപകർക്ക് കൂടി ഹെഡ്മാസ്റ്ററായി പ്രൊമോഷൻ കൊടുക്കുന്നതിനു വേണ്ടി റൂൾ **44 (1)**-ൽ **Explanation II** കൂട്ടിച്ചേർത്തുവെങ്കിലും **Explanation I**ലോ **XXXI**-ലെ റൂൾ **2 (1)**-ലോ മാറ്റം വരുത്തുവാൻ ഗവൺമെന്റ് തയ്യാറാകാതിരുന്നതിൽ നിന്നും കുറഞ്ഞത് **12** വർഷത്തെ **collegiate training** ആയ ബി.എഡ്. വേണമെന്നുള്ള കർശനമായ നിർദ്ദേശമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാണ്. **BA (Hindi)**-യും **B.Ed**-ഉം പാസ്സായി സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ള എച്ച്.എസ്.എ (ഹിന്ദി) അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ ആകുന്നതിന് യാതൊരു തടസ്സവും നിലനിൽക്കുന്നില്ല താനും.

മേൽപറഞ്ഞവയുടെ ചുരുക്കം പരിശോധിച്ചാൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി പ്രൊമോഷൻ കിട്ടണമെങ്കിൽ രണ്ടു കാര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. അവ:-

1.കുറഞ്ഞത് 12 വർഷത്തെ ഗ്രാഡുവേറ്റ് സർവീസ് ഉണ്ടായിരിക്കണം.

2. **Collegiate training** ആയിരിക്കണം.

ആചാര്യയെ സംബന്ധിച്ചു നോക്കിയാൽ മേൽപ്പറഞ്ഞ രണ്ടു നിർദ്ദേശങ്ങളുടെ പരിധിയിൽ വരുന്നില്ല. അതിനാൽ പരിഗണനാർഹമല്ല.

ആയതിനാൽ താഴെ പറയുന്ന ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

1. **Collegiate training**-ഓടെയുള്ള തുടർച്ചയായ ഗ്രാഡുവേറ്റ് സർവ്വീസും, വകുപ്പുതല പരീക്ഷയും പാസ്സായിട്ടുള്ള സീനിയർ അദ്ധ്യാപിക ശ്രീമതി സിന്ധു കെ.നായർ ആണെന്ന് ഉത്തരവാകുക.

2. **01.06.2023** മുതലുള്ള ശ്രീമതി സിന്ധു കെ.നായരുടെ നിയമനം പുനഃസ്ഥാപിച്ച് അംഗീകാരം നൽകുവാൻ കൊട്ടാരക്കര ഡി.ഇ.ഒ യ്ക്ക് നിർദ്ദേശം കൊടുക്കുക.

3. ശ്രീമതി സിന്ധു കെ.നായരുടെ നിയമന പ്രൊപ്പോസൽ നിശ്ചിത സമയപരിധിക്കുള്ളിൽ അംഗീകാരത്തിനുവേണ്ടി ഡി.ഇ.ഒ യിൽ സമർപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകുക.

4. ശ്രീമതി സിന്ധു കെ.നായരെ **01.06.2023** മുതൽ ഹെഡ്മിസ്ട്രസായി നിയമിച്ചു കൊണ്ടുള്ള **Form 27** ഉത്തരവ് ശ്രീമതി സിന്ധു കെ.നായർക്ക് കൊടുത്തുവെങ്കിലും നിയമന പ്രൊപ്പോസൽ അംഗീകാരത്തിന് സമർപ്പിക്കാതെ വഞ്ചിച്ചതിനും അദ്ധ്യായം **III**-ലെ റൂൾ **9**-ൽ പറയുന്ന കൃത്യ നിർവ്വഹണം നടത്താതെ മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ശ്രീമതി സിന്ധു കെ.നായരെ ഹെഡ്മാസ്റ്റർ സ്ഥാനത്തു നിന്നും നീക്കിയ നിയമ വിരുദ്ധ നടപടിയും കണക്കിലെടുത്ത് അദ്ധ്യായം **III**-ലെ റൂൾ **7** പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യുക.

5. സിന്ധു കെ.നായരുടെ പരാതി ഹെഡ്മാസ്റ്റർ ആയിട്ട് **01.06.2023**-ൽ നിയമിച്ചതു സംബന്ധിച്ച് നിയമന പ്രൊപ്പോസലുമായി ബന്ധപ്പെട്ടതാണ്. തിരുത്താവുന്ന തെറ്റുകൾ ചൂണ്ടികാട്ടി ഡി.ഇ.ഒ നിരസിച്ചതിന് ന്യായീകരണമില്ല. ആയതിനാൽ **01.04.2019**-ലെ എച്ച്2/**11606/2019**/ഡി.പി.ഐ ഉത്തരവു പ്രകാരം നടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക്

നിർദ്ദേശം നൽകി ഉത്തരവാകുക.”

**3) സ്കൂൾ മാനേജരുടെയും, ഡി.വി.എച്ച്.എസ്.എസ് പ്രഥമാദ്ധ്യാപിക ശ്രീമതി രാജി സി. യുടെയും വാദങ്ങൾ ചുവടെ ചേർക്കുന്നു.**

"തലവൂർ ഡി.വി.എച്ച്.എസ്.എസ്-ൽ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി രമാദേവി 31.05.2023-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. തുടർന്ന് ഒരു താൽക്കാലിക അറേഞ്ചുമെന്റ് എന്ന നിലയിൽ 01.06.2023 മുതൽ സീനിയോറിറ്റി ലിസ്റ്റിൽ ഉള്ള ഒരു ജൂനിയർ അദ്ധ്യാപിക ശ്രീമതി സിന്ധു കെ.നായരെ ടീച്ചർ ഇൻ ചാർജ്ജായി നിയമിച്ചിരുന്നു. 13 ദിവസത്തേക്കു മാത്രമായിട്ടുള്ള താൽക്കാലിക അറേഞ്ചുമെന്റ് ആയിരുന്നതിനാൽ നിയമനാംഗീകാര പ്രൊപ്പോസൽ ജില്ല വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ചിരുന്നില്ല. 13 ദിവസത്തെ കാലാവധിയുള്ള ഒരു കാലഘട്ടം അംഗീകരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. ശ്രീമതി രമാദേവിയുടെ വിരമിക്കൽ ഒഴിവിൽ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിയമിക്കേണ്ടതായ സീനിയർ മോസ്റ്റ് അദ്ധ്യാപിക ശ്രീമതി എ.എസ്.ബീന പ്രഥമാദ്ധ്യാപിക നിയമനം റിലിൻക്വിഷ് ചെയ്തിരുന്നു. അതിനാൽ അടുത്ത സീനിയർ മോസ്റ്റും പ്രഥമാദ്ധ്യാപിക നിയമനത്തിന് പൂർണ്ണയോഗ്യതയുള്ള ശ്രീമതി രാജി സി. യെ സ്ഥാനക്കയറ്റം നൽകി പ്രഥമാദ്ധ്യാപികയായി മാനേജർ 14.6.2023 മുതൽ നിയമിച്ചു. നിയമനാംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ശ്രീമതി രാജിക്ക് പ്രഥമാദ്ധ്യാപികയായി നിയമിക്കുവാൻ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV ചട്ടം 44 എ പ്രകാരം ഗ്രാഡുവേറ്റ് സർവ്വീസിനാവശ്യമായ ബി.എഡ്. യോഗ്യത നേടിയിരുന്നതായി കാണുന്നില്ല. ടിയാരിക്ക് കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ കോഴ്സ് യോഗ്യതയാണുള്ളതെന്നും കൂടാതെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കുകയും ചെയ്തിട്ടില്ല എന്നീ കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു. കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ആഫീസറുടെ കണ്ടെത്തൽ ചട്ട വിരുദ്ധവും ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച റൂളിംഗിന് വിരുദ്ധവുമാണ്.

ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ശ്രീമതി സിന്ധു കെ.നായരുടെ അവകാശ വാദങ്ങൾ ചട്ടവിരുദ്ധവും നിലനിൽക്കാത്തതുമായതിനാൽ പ്രസ്തുത വാദങ്ങൾ തള്ളിക്കളഞ്ഞ് സീനിയറായ ശ്രീമതി രാജി.സി-യെ പ്രഥമാദ്ധ്യാപികയായി അംഗീകരിക്കുവാൻ കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV ചട്ടം 44(1) അനുസരിച്ച് പ്രഥമാദ്ധ്യാപിക നിയമനത്തിന് മാനേജർ സൂക്ഷിക്കുന്ന ചട്ടം 35 (എ) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ മോസ്റ്റ് എച്ച്.എസ്.റ്റി. ആയിരിക്കുകയും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXXI ചട്ടം 2(1) അനുസരിച്ചുള്ള യോഗ്യതയും

വകുപ്പ് തല പരീക്ഷകളായ അക്കൗണ്ട് ടെസ്റ്റ് ലോവറും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരീക്ഷയും വേക്കൻസി ഉണ്ടായ തീയതിയിൽ ഉണ്ടായിരിക്കണം. **01.06.2023**-ൽ തലവൂർ ദേവി വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സീനിയർ മോസ്റ്റ് അദ്ധ്യാപിക ശ്രീമതി എ.എസ്.ബീന പ്രഥമാദ്ധ്യാപിക നിയമനം റിലിൻക്വിഷ് ചെയ്തതിനെ തുടർന്ന് അടുത്ത സീനിയർമോസ്റ്റ് അദ്ധ്യാപിക ശ്രീമതി രാജി സി. ആയിരുന്നു. അതിനാൽ ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുന്നതുവരെ **01.06.2023** മുതൽ **13.06.2023** വരെ പരാതിക്കാരിയായ ശ്രീമി.സിന്ധു കെ.നായരെ ടീച്ചർ ഇൻ ചാർജ്ജായി നിയമിച്ചു. **14.6.2023** മുതൽ ശ്രീമതി രാജി സി. യെ പ്രഥമാദ്ധ്യാപികയായി നിയമിക്കുകയും ചെയ്തു. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം **13** ദിവസം മാത്രം ഡ്യൂറേഷൻ ഉള്ള ചാർജ്ജ് അറേഞ്ചുമെന്റ് അംഗീകരിക്കുവാൻ വ്യവസ്ഥയില്ലാത്തതിനാൽ അതു സംബന്ധിച്ച് പ്രൊപ്പോസൽ ജില്ലവിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ചിട്ടില്ല.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം **XXXI** ചട്ടം **2(1)**ലാണ് ഹെഡ്മാസ്റ്ററുടെ അക്കാഡമിക് യോഗ്യത നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടം **2(1)** ചുവടെ ചേർക്കുന്നു.

**A degree in Arts or Science or its Equivalent and B.Ed/BT/LT or its equivalent conferred or recognized by the Universities in Kerala.**

ചട്ടത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ പ്രഥമാദ്ധ്യാപിക നിയമനത്തിന് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നൽകിയതോ അംഗീകരിച്ചതോ ആയ ഡിഗ്രിയും ബിഎഡും ആണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ആഫീസറുടെ തടസ്സവാദം ശ്രീമതി രാജി.സിക്ക് ബി.എഡ്. ഇല്ലാത്തതിനാൽ **12**വർഷത്തെ ഗ്രാഡുവേറ്റ് സർവ്വീസ് ഇല്ല എന്നാണ്. **2000**-ത്തിൽ ശ്രീമതി രാജി സി. ഹിന്ദിയിൽ എം.എ ഡിഗ്രി പാസ്സായിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം **XXXI** ചട്ടം **2**ന്റെ അടിയിൽ ഉപചട്ടം **(x)**ന്റെ പ്രൊവിസോയിൽ **23.04.2003**-ലെ നോട്ടിഫിക്കേഷൻ പ്രകാരം **22.08.1987** പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഏതു വിഷയത്തിലും ഭാഷയിലും ഉള്ള ബിരുദാനന്തര ബിരുദം എച്ച്.എസ്.റ്റി നിയമനത്തിന് അതേ വിഷയത്തിന്റെ ബിരുദത്തിന് തത്തുല്യമായി കണക്കാക്കും. കേരള യൂണിവേഴ്സിറ്റിയുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റിൽ കേരള ഹിന്ദി പ്രചാരസഭ നൽകിയ ആചാര്യ ഡിഗ്രി കേരള യൂണിവേഴ്സിറ്റിയുടെ ഹിന്ദി ബി.എഡ്ഡിന് തത്തുല്യമായി അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ബി.എഡ്. എടുത്തതിനു ശേഷം **12** വർഷത്തെ ഗ്രാഡുവേറ്റ് സർവ്വീസില്ല എന്ന കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ആഫീസറുടെ തടസ്സവാദം നിലനിൽക്കാത്തതും സത്യവിരുദ്ധവുമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ സർട്ടിഫിക്കറ്റുകൾ പ്രകാരം ശ്രീമതി രാജി സി. അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഉം വിദ്യാഭ്യാസ ആക്റ്റും ചട്ടങ്ങൾ പരീക്ഷയും പാസ്സായിട്ടുള്ളതിനാൽ ടെസ്റ്റു യോഗ്യത നേടിയിട്ടുണ്ട്.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ചട്ടം 44എ യുടെ അടിയിൽ **07.03.2011** തീയതിയിലെ **G.O.(P.) 85/2011/G.Edn** നമ്പരായ ഗസറ്റ് വിജ്ഞാപന പ്രകാരം **03.01.1981** പ്രാബല്യം നൽകി വരുത്തിയ ഭേദഗതി പ്രകാരം അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ മോസ്റ്റായ ഭാഷാദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ നിയമനത്തിന് **12** വർഷത്തെ ഗ്രാഡുവേറ്റ് സർവ്വീസ് ആവശ്യമില്ല. ചട്ടം **44** ഉപ ചട്ടം **(1)** പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ മോസ്റ്റായിരിക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള ടെസ്റ്റു് യോഗ്യതയും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം **XXXI** ചട്ടം **2** പ്രകാരമുള്ള യോഗ്യതയും ഉണ്ടായിരുന്നാൽ മതി.

സീനിയോറിറ്റി ലിസ്റ്റ് അനുസരിച്ച് ശ്രീമതി സി.രാജിയുടെ തുടർച്ചയായ എച്ച്.എസ്.റ്റി സർവ്വീസ് **06.06.1994** മുതലും ശ്രീമതി സിന്ധു കെ.നായരുടെ തുടർച്ചയായ എച്ച്.എസ്.റ്റി സർവ്വീസ് **02.06.2003** മുതലുമാണ്. ശ്രീമതി സിന്ധു കെ.നായർക്ക് സീനിയറായി **06.06.2001** മുതൽ തുടർച്ചയായ സർവ്വീസുള്ള പ്രഥമാദ്ധ്യാപിക നിയമനത്തിന് യോഗ്യയായ ശ്രീമതി ബി.ലേഖയും ഉണ്ട്.

ഈ അവസരത്തിൽ സർക്കാരിന്റെ ശ്രദ്ധ സ.ഉ (ആർ.റ്റി)**730/2017**/പൊ.വി.വ നമ്പരായ **17.03.2017** ഉത്തരവിലേക്ക് ക്ഷണിക്കുന്നു. ഈ ഉത്തരവിൽ ബി.എഡ്. യോഗ്യത ഇല്ലാത്ത ശ്രീ.സി.ഡി.ഔസേഫ് ശിക്ഷാ സ്നാതക് ഹോൾഡറാണ്. **17.3.2017**-ൽ ശ്രീ.സി.ഡി.ഔസേഫിന് ഹെഡ്മാസ്റ്റർ ആയി അംഗീകരിക്കാവുന്നതാണെന്ന് കണ്ടെത്തി സർക്കാർ നൽകിയ നിർദ്ദേശം ഇങ്ങനെ: **3.1.1988**-ലെ ജി.ഒ (എം.എസ്) **150/88**/പൊ.വി.വ മ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ ശിക്ഷാസ്നാതക് യോഗ്യത കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം **31**-ലെ ചട്ടം **2(1)** പ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യതയായി കണക്കാക്കാവുന്നതാണ്. അതിൻ പ്രകാരം ശ്രീ.സി.ഡി.ഔസേഫിന് ടിയാൾക്ക് മറ്റു വിധത്തിൽ യോഗ്യതയുണ്ടെങ്കിൽ **01.06.2016** മുതലുള്ള ഹെഡ്മാസ്റ്റർ തസ്തികയിലെ നിയമനാംഗീകാരം നൽകുവാൻ തൃശ്ശൂർ ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതകളെ ദേശീയ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ കീഴിൽ ഉള്ള എസ്.സി.ആർ.റ്റി കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ സർട്ടിഫിക്കറ്റിനെയും ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ശിക്ഷാസ്നാതക്കിനെയും ബി.എഡ്-നു തത്തുല്യമായി അംഗീകരിച്ചിട്ടുണ്ട്. **13.11.2019** തീയതിയിൽ **No.prog-4/4672/2019/SCERT** കത്ത് പ്രകാരം കേരള ഹിന്ദി പ്രചാരസഭ **2015-16** വർഷം വരെ നടത്തിയ ആചാര്യ കോഴ്സുകൾ ബി.എഡ്-നു തത്തുല്യമായി അംഗീകരിച്ചുകൊണ്ട് സർക്കാരിന് കത്ത് നൽകിയിട്ടുള്ളതാണ്. ഇതിനു പുറമെയാണ് ശ്രീമതി രാജി സി. പാസായ ആചാര്യ സർട്ടിഫിക്കറ്റിന് കേരള യൂണിവേഴ്സിറ്റി നടത്തുന്നതും നൽകുന്നതമായ ബി.എഡ്-നു തത്തുല്യ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. കേരള യൂണിവേഴ്സിറ്റി നൽകിയ തത്തുല്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ **06.06.1994** മുതലുള്ള ശ്രീമതി രാജിയുടെ

സർവ്വീസ് ഗ്രാഡുവേറ്റ് സർവ്വീസ് തന്നെയാണ്. ഇപ്രകാരം പ്രഥമാദ്ധ്യാപിക നിയമനത്തിന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXXI -ലെ ചട്ടം 2ഉം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIVA ചട്ടം 44(1) ഉം പ്രകാരം ശ്രീമതി രാജി.സിയ്ക്ക് പൂർണ്ണ യോഗ്യതയുള്ളതിനാൽ 14.6.2023 മുതൽ പ്രഥമാദ്ധ്യാപികയായി അംഗീകരിക്കാവുന്നതാണ്.

ഈ അവസരത്തിൽ സർക്കാരിന്റെ ശ്രദ്ധ ബഹു.കേരള ഹൈക്കോടതിയുടെ WP(C)No.21821/2022 ന്റെ 01.03.2023-ലെ വിധിന്യായത്തിലേക്ക് ക്ഷണിക്കുന്നു. വിധിന്യായത്തിൽ നിരവധി ഹൈക്കോടതി വിധികളും ബഹു.സുപ്രീംകോടതിയുടെ തീരുമാനങ്ങൾ സൈറ്റേഷൻ നടത്തികൊണ്ട് ശ്രീമതി രാജി സി. ക്ക് സമാനമായി ഡിഗ്രിയും ആചാര്യ ഹോൾഡറുമായ ശ്രീമതി ഗീതാകുമാരിയെ ഹെഡ്മിസ്ട്രസ് ആയി അംഗീകരിച്ച ഉത്തരവ് ശരിവെച്ച് നിയമനാംഗീകാരം ക്യാൻസൽ ചെയ്ത ഉത്തരവുകളെ ക്വാഷ് ചെയ്ത് ഹെഡ്മിസ്ട്രസ് ആയുള്ള എല്ലാ ആനുകൂല്യങ്ങളും 3 മാസത്തിനകം വിതരണം ചെയ്യുവാനും ബഹു.കോടതി നിർദ്ദേശിച്ചു. ടി വിധിന്യായത്തിനെതിരെ സർക്കാരും ചാത്തിനാംകുളം എം.എസ്.എം ഹയർസെക്കന്ററി സ്കൂളിലെ മാനേജർ ഫയൽ ചെയ്ത അപ്പീലും മറ്റ് അപ്പീലുകളുടെയും അടിസ്ഥാനത്തിൽ 01.03.2023-ലെ റിട്ട് പെറ്റീഷന്റെ സിങ്കിൾ ബഞ്ച് വിധി സെറ്റ് എസൈഡ് ചെയ്തു എങ്കിലും വിധിന്യായത്തിലെ കണ്ടെത്തലുകളും സൈറ്റേഷനുകളും റദ്ദ് ചെയ്യാതെ അതേപടി നിലനിൽക്കുന്നു. ഇപ്രകാരം ആചാര്യ കോഴ്സിനെ കേരള യൂണിവേഴ്സിറ്റി അവരുടെ ബി.എഡ്-നെ തുല്യമായി അംഗീകരിച്ചാൽ അതിന്റെ ആനുകൂല്യം എല്ലാവർക്കും ലഭിക്കുവാൻ പ്രൈമറി അതോറിറ്റിയായ സർക്കാരാണ് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കേണ്ടത്, അല്ലാതെ ജുഡീഷ്യൽ ഫാറം അല്ല. സർവ്വകലാശാല അംഗീകരിച്ച ട്രെയിനിംഗ് യോഗ്യത സർക്കാർ നിരസിച്ചാൽ മാത്രമേ ജുഡീഷ്യൽ ഫാറത്തിന്റെ റോൾ ഉണ്ടാകുന്നുള്ളൂ.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXXI ചട്ടം 2 ന്റെ ഉപചട്ടം (iv) ൽ വരുത്തിയ ഭേദഗതിയെ ശ്രീമതി ഗീതാകുമാരി.ജെ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷൻ നമ്പർ 21821/2022 കേസിലെ വിധിന്യായത്തിൽ ബഹു.കേരള ഹൈക്കോടതി വിലയിരുത്തിയതിങ്ങനെ "In Explanation III to the training qualification for the post of HSA, it is clearly stated that persons who have successfully undergone Acharya Course of the Kerala Hindi Prachar Sabha up to and including the academic year 2014-15 shall be considered to possess the requisite training qualification. It is true that in Rule 2(1) of Chapter XXXI, the qualification for the post of Headmaster is shown as a degree in Arts or Science or its equivalent and B.Ed/BT/LT or its equivalent as conferred or recognized by the universities in Kerala. Admittedly the petitioner has a degree and there is no dispute on that. But petitioner's qualification based on Ext.P7 can be treated as equivalent to B.Ed/BT/Lt as mentioned in Rule 2 of Chapter XXXI of KER is the

point to be decided. For deciding the same, this Court has to read Rule (2) of chapter XXXI of KER read with Explanation (1) to Rule 44A of Chapter XIV (A) of KER. There the graduate service is explained to the effect that the graduate service should be after acquisition of collegiate training such as BT, LT or B.Ed. Rule 44A chapter XIV A also states the minimum qualification for appointment as Headmaster. Since Explanation clearly says that after acquisition of collegiate training such as BT,LT or B.Ed the candidate should be in graduate service as defined in that explanation. Hence it is clear that the qualification of BT, LT or B.Ed alone are not included but such other qualifications are also included. As I mentioned earlier,Ext.P7 is a collegiate training and as per Rule 2 (iv) of Chapter XXXI of KER, the training qualification includes Acharya course of the Kerala Hindi Prachara Sabha. Explanation III was inserted as per Ext.P6 amendment to KER on 17.2.2020. Since that Explanation was added on 17.2.2020, the mentioning the term "equivalent" in Rule 2(1) of chapter XXXI of KER can be presumed as relaxed. Therefore it is clear that the petitioner has the required qualifications.

വിധിന്യായത്തിൽ equivalence എന്ന വാക്കിന് ബഹു.സുപ്രീം കോടതി പ്രവീൺ കുമാർ-ഉം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2021 (4) KLT online 1178 (SC) റൂൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ നിന്നും തത്തുല്യ അഥവ ഇക്വലൻസി ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന് ബഹു. ഹൈക്കോടതി നൽകിയ റൂളിംഗ് ഇങ്ങനെ The word "Equivalence" in its plain meaning implies something which is equal to another. The apex Court also observed that in the field of academics, application of the principle of equivalency in relation to degree in two subjects would mean that they had the same standing and status all along, unless the official instrument according equivalency specifies a date from which the respective subjects would be treated as such, in express terms or by implication. In the light of the words used such as in Explanation 1 to Rule 44A while narrating the collegiate training, I am of the considered opinion that Ext.P7 certificate can be treated as a collegiate training such as BT, LT or B.Ed as mentioned in Explanation 1 to Rule 44A of chapter XIV A of KER ഇതിൽ നിന്നും ശ്രീമതി രാജി പാസായ കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ സർട്ടിഫിക്കറ്റിന് കേരള സർവ്വകലാശാലയിൽ നിന്നും ഇക്വലൻസി ലഭിച്ചിട്ടുള്ളതിനാൽ ആചാര്യ സർട്ടിഫിക്കറ്റ് നേടിയതിനു ശേഷമുള്ള മുഴുവൻ സർവ്വീസും ഗ്രാഡുവേറ്റ് സർവ്വീസ് തന്നെയാണ്.

കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് (2002(1)KLT 324) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV A ചട്ടം 44 യിലെ ഗ്രാഡുവേറ്റ് സർവ്വീസിനെ സംബന്ധിച്ച് നൽകിയ റൂളിംഗ് ഇങ്ങനെ:

**“Controverting the above contention, the counsel for the contesting respondents submitted as follows:**

**There can be different types of training acquired by a teacher. He might be a TTC holder. He might have language teachers training course which is sufficient for appointment as HSA (language). There are other training qualifications, such as BT/LT/B.Ed. These three qualifications are (BT/LT/B.Ed) are obtained after collegiate training. There might be a case where a teacher might have completed 12 years service after obtaining B.Ed Degree. If the qualification, a language teacher with LTTC or TTC and who has completed 12 years service obtaining B.A degree will be eligible for appointment as Headmaster as LTTC and TTC are also training qualifications, even if he has not completed 12 years after obtaining B.Ed. So, to exclude other training qualifications, it is specified that the 12 years graduate service should be after acquisition of collegiate training. What is meant by the said Explanation is that the training qualification must be a qualification at the college level and not an inferior training qualification. We find that the contention urged by the respondents is a plausible view. It is not stated in the Rule that the qualification must be BT/LT or B.Ed. obtained after studying in a college. On the contrary, the words used are “after acquisition of collegiate training, such as BT/LT or B.Ed”. It only means that the graduate service must be service after obtaining BT/LT or B.Ed or similar qualifications.”**

മുകളിൽ ചേർത്ത വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ മാനേജർ നിയമനം നടത്താത്തതും സീനിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള ജൂനിയർ അദ്ധ്യാപിക ശ്രീമതി സിന്ധു സമർപ്പിച്ച റിവിഷൻ പരാതിക്ക് ഒരു പ്രസക്തിയും ഇല്ലാത്തതിനാലും ചട്ട പ്രകാരമോ നിലവിലുള്ള ഉത്തരവുകൾ പ്രകാരമോ നിലനിൽക്കാത്തതിനാൽ നിരസിച്ചും ശ്രീമതി രാജി. സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പരാതിക്കാരിയുടെ സീനിയറും പ്രഥമാദ്ധ്യാപിക നിയമനത്തിന്റെ പൂർണ്ണയോഗ്യതയുള്ള അദ്ധ്യാപികയാണ്. നിയമനാധികാരിയായ മാനേജർ സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ നിയമിച്ച് സർവ്വീസിൽ തുടർന്നു വരികയും ചെയ്യുന്നു. ആയതിനാൽ ശ്രീമതി രാജി സി. യുടെ പ്രഥമാദ്ധ്യാപിക നിയമനം അംഗീകരിക്കുവാൻ കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിയും ബഹു.കോടതി ഉത്തരവ് നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.”

**4) പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ കൊല്ലം, ജില്ല വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര എന്നിവർ ലഭ്യമാക്കിയ സമാനമായ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.**

"തലവൂർ ഡി.എച്ച്.എസ്.എസ്-ലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി രമാദേവി **31.05.2023**-ൽ വിരമിച്ച ഒഴിവിൽ **01.06.2023** മുതൽ ടി സ്കൂളിലെ എച്ച്.എസ്.ടി (ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി രാജി സി. യെ മാനേജർ നിയമിച്ചു. നിയമന പ്രൊപ്പോസൽ പരിശോധിച്ചതിൽ ശ്രീമതി രാജി.സിയ്ക്ക് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം **14** എ ചട്ടം **44** എ പ്രകാരമുള്ള **12** വർഷത്തെ ഗ്രാജുവേറ്റ് സർവ്വീസ് ഇല്ലാത്തതിനാലും **1.1.2023**-ലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാത്തതിനാലും കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ച് നൽകി. ശ്രീമതി രാജിക്ക് മേൽ ചട്ട പ്രകാരം വേണ്ട **BT/LT/B.Ed** യോഗ്യതയ്ക്ക് പകരം ദക്ഷിണ കേരള ഹിന്ദി പ്രചാര സഭ നടത്തുന്ന ആചാര്യ സർട്ടിഫിക്കറ്റ് യോഗ്യത മാത്രമാണുള്ളത്. ഇതിനിടെ ടി സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി സിന്ധു കെ.നായർ ഹെഡ്മാസ്റ്റർ തസ്തികക്ക് അവകാശം ഉന്നയിക്കുകയും തന്നെ **01.06.2023** മുതൽ പ്രഥമാദ്ധ്യാപികയായി നിയമിച്ചു മാനേജർ ഉത്തരവ് കൈമാറിയിട്ടുണ്ടെന്നും **14.06.2023** മുതൽ മറ്റൊരു അദ്ധ്യാപികയായ ശ്രീമതി രാജി സി. യെ നിയമിക്കുകയായിരുന്നുവെന്നും നിയമപരമായി തനിക്കു ലഭ്യമാകേണ്ട പ്രഥമാദ്ധ്യാപിക പദവി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പരാതി സമർപ്പിച്ചു. തുടർന്നു പരാതിക്കാരി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.23821/2022** ന്റെ **21.7.2023**-ലെ വിധിന്യായം നടപ്പിലാക്കുന്നതിലേക്കായി **25.08.2023**-ൽ കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർ പരാതിക്കാരിയെയും മാനേജരെയും നിയമിക്കപ്പെട്ട അദ്ധ്യാപികയായ ശ്രീമതി രാജി സി. യെയും നേരിൽ കേൾക്കുകയും പ്രസ്തുത കൂടിക്കാഴ്ചയിൽ കേരള വിദ്യാഭ്യാസ ചട്ടം സെക്ഷൻ **11** പ്രകാരം എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾ മാനേജരിൽ നിക്ഷിപ്തമാണ്. പരാതിക്കാരിക്ക് നിയമനം നൽകിയതായും മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വിരമിക്കാൻ രണ്ടു വർഷം മാത്രമുള്ള രാജി സി. യ്ക്ക് നിയമനം നൽകുകയുമാണുണ്ടായത് എന്നും ബോധിപ്പിക്കുകയുണ്ടായി. കെ.ഇ.ആർ. അദ്ധ്യായം **14**എ ചട്ടം **34** പ്രകാരം അടിയന്തരമായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി ബഹു.ഹൈക്കോടതിയുടെ **21.7.2023**-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുകയും ചെയ്തു. പ്രഥമാദ്ധ്യാപിക തസ്തികയിലെ നിയമനം സീനിയോറിറ്റി ലിസ്റ്റിന്റെ അഭാവത്തിൽ നടത്തിയത് മാനേജരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് കാണുന്നു. ടി സ്കൂളിന്റെ **01.01.2023**-ലെ സീനിയോറിറ്റി ലിസ്റ്റ് താൽക്കാലികമായി കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചുവെങ്കിലും അന്തിമ അംഗീകാരത്തിനായി സീനിയോറിറ്റി ലിസ്റ്റ് നാളിതുവരെ മാനേജർ സമർപ്പിച്ചിട്ടില്ല. ശ്രീമതി രാജി.യുടെ നിയമനം നിരസിച്ചതിനെതിരെയുള്ള അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു."

**5)** സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ

അടിസ്ഥാനത്തിൽ പരിശോധിച്ചു. തലവൂർ ഡി.വി.എച്ച്.എസ്.എസ്-ലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി രമാദേവി **31.05.2023**-ൽ വിരമിച്ച ഒഴിവിൽ മാനേജർ **01.06.2023** മുതൽ ശ്രീമതി സിന്ധു കെ.നായരെ നിയമിക്കുകയും, സ്ഥാനക്കയറ്റം അംഗീകരിക്കുന്നതുവരെ സ്കൂളിന്റെ അധിക ചുമതല നൽകിയതായും, എന്നാൽ **14.06.2023** മുതൽ ടിയാളെ ഒഴിവാക്കി ശ്രീമതി രാജി സി. യെ ടി തസ്തികയിൽ നിയമിച്ചുവെന്നും ശ്രീമതി രാജി സി. പ്രഥമാദ്ധ്യാപിക തസ്തികയിലേക്കുള്ള യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ഹർജിക്കാരിയെ ടി തസ്തികയിലേക്ക് പരിഗണിക്കണമെന്നതാണ് ആവശ്യം. **01.06.2023**-ൽ സിന്ധു കെ.നായരെ നിയമിച്ചതിനു ശേഷം **14.06.2023** മുതൽ മാനേജർ ശ്രീമതി രാജിയെ പ്രഥമാദ്ധ്യാപികയായി നിയമിച്ച് പ്രൊപ്പോസൽ കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടിയാൾക്ക് ചട്ടപ്രകാരം വേണ്ട **BT/LT/B.Ed** യോഗ്യതയ്ക്ക് പകരം ആചാര്യ സർട്ടിഫിക്കറ്റ് യോഗ്യത മാത്രമാണ് ഉണ്ടായിരുന്നത് എന്നതിനാലും കേരള വിദ്യാഭ്യാസ ചട്ടം അധ്യായം **XIV** എ പ്രകാരമുള്ള **12** വർഷത്തെ ഗ്രാജ്വേറ്റ് സർവ്വീസ് ഇല്ലാത്തതിനാലും അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാത്തതിനാലും നിയമനം നിരസിക്കുകയുണ്ടായി. തുടർന്ന് നിയമനം നിരസിച്ചതിനെതിരെ സമർപ്പിച്ച അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിക്കുകയുണ്ടായി.

**6)** അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെയാണ് മാനേജർ നിയമനം നടത്തിയിരിക്കുന്നത്. **01.01.2023**-ലെ സീനിയോറിറ്റി ലിസ്റ്റ് താൽക്കാലികമായി ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചുവെങ്കിലും അന്തിമ സീനിയോറിറ്റി ലിസ്റ്റ് അംഗീകാരത്തിനായി നാളിതുവരെ മാനേജർ സമർപ്പിച്ചിട്ടില്ല എന്ന് ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**7)** ആചാര്യ യോഗ്യതയുള്ളവർക്ക് ഹെഡ്മാസ്റ്റർ പ്രൊമോഷൻ നൽകുന്നതിനെതിരെ സർക്കാർ ഫയൽ ചെയ്ത **W.A.1216/2023** കേസിലെ വിധി പ്രകാരം **01.03.2023**-ലെ സിംഗിൾ ബഞ്ചിന്റെ വിധി **06.11.2023**-ൽ ഡിവിഷൻ ബഞ്ച് റദ്ദു ചെയ്യുകയും ആചാര്യ കോഴ്സ് ബി.എഡിനു തുല്യമാക്കി കേരള സർവ്വകലാശാല നൽകിയ തുല്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ പ്രൊമോഷനുള്ള യോഗ്യതയായി അംഗീകരിക്കുന്നുണ്ടോയെന്ന് സർക്കാർ പരിശോധിക്കുവാൻ ബഹു.കോടതി നിർദ്ദേശിച്ചതനുസരിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ കൊട്ടാരക്കര, തലവൂർ ഡി.വി.എച്ച്.എസ്.എസ്-ലെ അദ്ധ്യാപകരുടെ **01.01.2023**-ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് അടിയന്തരമായി ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുവാൻ സ്കൂൾ മാനേജർക്കും, സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചതിനു ശേഷം ഡിവിഷൻ ബഞ്ചിന്റെ വിധിയിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുവാൻ കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി**11** നിവേദനം തീർപ്പാക്കി കൊല്ലം ജില്ലയിലെ തലവൂർ ഡി.വി.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി ശ്രീമതി സിന്ധു കെ.നായർ

ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.41883/2023-ന്റെ 13.12.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി., പൂജപ്പുര, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ഡി.വി.എച്ച്.എസ്.എസ്., തലവൂർ, കൊല്ലം
ശ്രീമതി സിന്ധു കെ.നായർ, എച്ച്.എസ്.ടി.(ഇംഗ്ലീഷ്), ഡി.വി.എച്ച്.എസ്.എസ്., തലവൂർ, കൊല്ലം
ശ്രീമതി സി.രാജി, എച്ച്.എസ്.ടി.(ഹിന്ദി), “
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (30.09.2024 ലെ ജെ.എ3/294/2024-പൊവിവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ്ബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 18-11-2024 16:15:45

സെക്ഷൻ ഓഫീസർ